# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 521

09.02.2016 ൽ മറുപടിയ്ക്ക്

## കേപ്പിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ, പ്യൂൺ തസ്തികയിൽ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്; | (എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നല്ല ആരോഗ്യം ഉണ്ടായിരിക്കണമെന്നും എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ പാസാകാൻ പാടില്ല എന്നതുമാണ്. പ്യൂൺ തസ്തികയ്ക്ക് ഏട്ടാംതരം പാസായിരിക്കണം, സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്നതുമാണ്. |
| (ബി) മെയ് 2011 ന് ശേഷം കേപ്പിൽ സ്വീപ്പർ, പ്യൂൺ, സ്വീപ്പർ-കം-പ്യൂൺ തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (ബി) കേപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മേയ് 2011 ന് ശേഷം സ്വീപ്പർ തസ്തികയിൽ 18 പേർക്കും പ്യൂൺ തസ്തികയിൽ 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സ്വീപ്പർ-കം-പ്യൂൺ തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല. |
| (സി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മെയ് 2011 - ജൂലൈ 2014 കാലഘട്ടത്തിൽ ഏഴ് വർഷ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ എത്ര പേർക്ക് സ്വീപ്പർ, പ്യൂൺ, വാച്ച്മാൻ എന്നീ തസ്തികകളിൽ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട്; | (സി) 2011 മേയ് മുതൽ 2014 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി.സി.എസ്. സിന്ധുവിനെ വിധവ എന്ന പരിഗണന ൽകിയും ടിയാളുടെ ദയനീയാവസ്ഥ കണക്കിലെടുത്തും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മെയ് 2015 പ്രാബല്യത്തിൽ ഭരണസമിതി അംഗീകാരത്തോടുകൂടി അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര സ്ഥിരം തസ്തികകളാണ് സൃഷ്ടിച്ചിട്ടുണ്ടായിരുന്നത്; 2015-മാണ്ട് മെയ് മാസം കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫണൽ എഡ്യൂക്കേഷനിൽ എത്ര പേർ അസിസ്റ്റന്റ് പ്രൊഫസറുടെ സ്ഥിരം തസ്തികയിൽ നിയമനം ലഭിച്ച് സേവനത്തിലുണ്ടായിരുന്നു; വിശദമാക്കാമോ? | (ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ 350 അസിസ്റ്റന്റ് പ്രൊഫസർമാരുടെ സ്ഥിരം തസ്തികകളുണ്ട്. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമിച്ച 5 പേർ ഉൾപ്പെടെ 355 അസിസ്റ്റന്റ് പ്രൊഫസർമാർ 2015 മേയ് മാസത്തിൽ കേപ്പിന്റെ വിവിധ കോളേജുകളിൽ സേവനത്തിലുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ